### ഒരു അനുബന്ധ പഠനം

# ക്രിസ്ത്യാനിയുടെ പഴയനിയമ ഉപയോഗം

ഹ്യൂഗോ മെക്കോർഡ്

*"അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന്നു ന്യായ പ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ, നമുക്കു ശിശുപാലകനായി ഭവിച്ചു" (ഗലാത്യർ 3:24).*

ഒരു വൃക്ഷത്തിനു തായ്‌വേര് എത്ര പ്രധാനമോ അത്ര പ്രധാന പ്പെട്ടതാണ് ക്രിസ്ത്യാനിത്വത്തിനു പഴയ നിയമം. യേശുവും ഓരോ പുതിയ നിയമ എഴുത്തുകാരും പഴയ നിയമം ഉപയോഗിച്ചിട്ടുണ്ട്. നന്നായി – മനസ്സിലാക്കിയ ഓരോ ക്രിസ്ത്യാനിയും ഇന്നു പഴയ നിയമം ഉപയോഗിക്കേണ്ട ആറു വഴികൾ നമുക്കു നോക്കാം.

**ആരംഭങ്ങൾ പരിശോധിക്കൽ**

"സൃഷ്ടിയുടെ ആരംഭത്തിനു" പുതിയ നിയമം പഴയ നിയമത്തി ലേക്കാണ് വിരൽചൂണ്ടുന്നത് (മർക്കൊസ് 10:6). അതുപോലെ, മനു ഷ്യന്റെ ഉത്ഭവത്തെ കുറിച്ചുള്ള ചോദ്യത്തിനും ഉത്തരം പഴയ നിയമ ത്തിലാണ്: "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മ യെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും, ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ" (മത്തായി 19:4). "ആദ്യ മനുഷ്യൻ ആയ, ആദാമിനെ" കുറിച്ചു പറയുവാൻ പുതിയ നിയമം പഴയ നിയമത്തെ ഉപയോഗിച്ചു (1 കൊരിന്ത്യർ 15:45). യേശുവും പൗലൊസും ചെയ്തതുപോലെ, ആരംഭങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾക്കു ക്രിസ്ത്യാനികൾ പഴയ നിയമം കാണിച്ചുകൊടുക്കാ വുന്നതാണ്.

**യേശുവിന്റെ ദൈവികത്വം തെളിയിക്കൽ**

പഴയ നിയമ പ്രവചനങ്ങൾ പഠിച്ചുകൊണ്ടു, ഒരാൾക്കു യേശു ദൈവപുത്രൻ ആണെന്നു തീർച്ചയാക്കാം. നസ്രേത്തുകാരനായിരുന്ന യേശു, ക്രിസ്തുവാകുന്നു, ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു എന്ന വിവേചനത്തിലേക്കു നയിക്കുന്ന പല ചിന്താധാരകൾ ഉണ്ട്. അവയിൽ അവന്റെ ശ്രദ്ധേയമായ ഉപദേശങ്ങളും (യോഹന്നാൻ 7:46), അവന്റെ പാപമില്ലായ്മ (യോഹന്നാൻ 8:46), അവന്റെ അത്ഭുതങ്ങൾ (യോഹന്നാൻ 10:25), അവന്റെ സ്വാധീനം (പ്രവൃത്തികൾ 4:13), അവന്റെ ത്യാഗത്തോടുകൂടിയുള്ള സ്നേഹം എന്നിവ ഉൾപ്പെടുന്നു (യോഹന്നാൻ 10:11). എങ്ങനെയായാലും, പലപ്പോഴും പുതിയ നിയമ ക്രിസ്ത്യാനികൾക്കു ഏറ്റവും ഫലപ്രദമായ തെളിവുകൾ പഴയ നിയമത്തിലെ തെളിവുകൾ ആണ്.

പെന്തെകൊസ്തുനാളിലെ പത്രൊസിന്റെ പ്രസംഗം ഒരു വസ്തുതയിലേക്കു വിരൽ ചൂണ്ടുന്നു: അതു യേശു "കർത്താവും ക്രിസ്തുവും ആണ്" എന്നത്രേ (പ്രവൃത്തികൾ 2:36). സങ്കീർത്തന പുസ്തകങ്ങളിൽ നിന്നും യോവേലിന്റെ പുസ്തകത്തിൽ നിന്നുമാണ് പത്രൊസ് ഭൂരിഭാഗം തെളിവുകളും എടുത്തത്. തന്റെ ശലോമോന്റെ മണ്ഡപത്തിലെ പ്രസംഗങ്ങളിൽ, പത്രൊസ് പറഞ്ഞു, "ദൈവമോ തന്റെ ക്രിസ്തു കഷ്ടം അനുഭവിക്കും എന്നു സകല പ്രവാചകന്മാരും മുഖാന്തരം മുന്നറിയിച്ചതു, ഇങ്ങനെ നിവർത്തിച്ചു ..." (പ്രവൃത്തികൾ 3:18–21). ആത്മാവു ഉച്ചരിപ്പാൻ നല്കിയതുപോലെ പത്രൊസ് പ്രസംഗിച്ചതുകൊണ്ടു (പ്രവൃത്തികൾ 2:4), അവൻ ദൈവം ആഗ്രഹിച്ചതുപോലെ തന്നെയാണ് പഴയ നിയമം ഉപയോഗിച്ചത്.

അതുപോലെ, ആത്മാവിനാൽ നയിക്കപ്പെട്ടു സംസാരിച്ച, സ്തെഫാനോസും (പ്രവൃത്തികൾ 6:10), യേശുവിന്റെ ദൈവികത്വത്തെ പ്രസംഗിക്കുവാൻ ഉല്പത്തി, പുറപ്പാട്, ആവർത്തന പുസ്തകം, യോശുവ, ആമോസ്, യെശയ്യാവു എന്നീ പുസ്തകങ്ങളിലേക്കു വിരൽ ചൂണ്ടുകയുണ്ടായി. ഐത്യോപ്യക്കാരനായിരുന്ന ഷണ്ഡനോടു പ്രസംഗിച്ച ഫിലിപ്പൊസും പഴയ നിയമം ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 8:26–38). ജാതിയിൽ പെട്ട കൊർന്നെല്യോസിനോടു, പത്രൊസ് ഉറപ്പിച്ചു തന്നെ യേശുവിനെ കുറിച്ചു പറഞ്ഞു, "... അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ രക്തം മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (പ്രവൃത്തികൾ 10:43).

അന്ത്യോക്യയിൽ വെച്ചുള്ള പ്രസംഗത്തിൽ, പൗലൊസ്, പഴയ നിയമത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളിലേക്കും, യോശുവ, ശമുവേൽ, സങ്കീർത്തന പുസ്തകങ്ങൾ, ഹബകൂക്ക് മുതൽ യെശയ്യാവിന്റെ പുസ്തകത്തിലേക്കും വിരൽചൂണ്ടുന്നുണ്ട്. അതിനു പുറമെ, അവൻ പറഞ്ഞു, യേശുവിനെ ക്രൂശിൽ തറെച്ചപ്പോൾ "പ്രവാചകന്മാരുടെ അരുളപ്പാടുകൾ" നിറവേറി (പ്രവൃത്തികൾ 13:27).

ക്രിസ്തു കഷ്ടം അനുഭവിക്കയും മരിച്ചവരിൽ നിന്നു മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും ചെയ്യേണ്ടിയിരുന്നു എന്നു പൗലൊസും, പുതിയ നിയമപ്രാസംഗികരും പഴയ നിയമത്തിൽ നിന്നാണ്, കാര്യ

കാരണ സഹിതം തെളിവുകൾ നിരത്തിയത് (നോക്കുക പ്രവൃത്തികൾ 17:3) യേശു തന്നെ ഈ ശരിയായതും ഒരു പക്ഷെ ഏറ്റവും പ്രധാനപ്പെട്ടതുമായ പഴയ നിയമ ഉപയോഗം ലൂക്കൊസ് 24:27–ൽ നടത്തിയിട്ടുണ്ട്.

### അടയാളങ്ങൾ മനസ്സിലാക്കൽ

അവനെക്കുറിച്ചുള്ള പ്രവചനങ്ങൾക്കു പുറമെ, പഴയ നിയമത്തിൽ യേശുവിനെ, ദൃഷ്ടാന്തമായും, അടയാളങ്ങളും, അല്ലെങ്കിൽ നിഴലുകളായും സൂചിപ്പിച്ചിട്ടുണ്ട്. ഒരു ക്രിസ്ത്യാനി ബലിയാട്, പെസഹ കുഞ്ഞാട്, മഹാപുരോഹിതൻ, ദൈവാലയ തിരശ്ശീല, മന്ന, അല്ലെങ്കിൽ പിത്തള സർപ്പം എന്നിവ വായിക്കുമ്പോൾ ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നതായി കാണുന്നു. ആദാം, മൽക്കീസേദെക്ക്, മോശെ, ദാവീദ്, യോനാ എന്നിവ ക്രിസ്തുവിനെ വരച്ചിരിക്കുന്നതായി കാണും. നോഹയുടെയും പ്രളയത്തിന്റെയും സംഭവം സ്നാനത്തിന്റെ മുന്നോടിയായി അവൻ തിരിച്ചറിയും (1 പത്രൊസ് 3:20, 21). ഹാഗാറിന്റെയും, സാറയുടെയും സംഭവങ്ങൾ അവൻ വായിക്കുമ്പോൾ, പഴയ നിയമവും പുതിയ നിയമവും തമ്മിലുള്ള ദൃഷ്ടാന്തപരമായ സാമ്യം കാണുന്നു (ഗലാത്യർ 4:21–31).

എബ്രായർ ചെങ്കടൽ കടന്നതിൽ, അവൻ പാപിയുടെ സ്നാനത്തെ കാണുന്നു; മരുഭൂമിയിലെ അലഞ്ഞു തിരിയലിൽ, സഭയെ ദൃഷ്ടാന്തരീകരിച്ചിരിക്കുന്നതു കാണാം; വാഗ്ദാനദേശത്തിൽ, അവൻ കാണുന്നതു സ്വർഗ്ഗത്തിന്റെ മുൻരുചിയാണ്. സമാഗമന കൂടാരത്തിൽ, അവൻ കാണുന്നതു പുതിയ നിയമ സഭയുടെ ചിത്രമാണ്; പൗരോഹിത്യത്തിൽ അവൻ ക്രിസ്ത്യാനിത്വത്തിന്റെ നിഴൽ കാണുന്നു. പഴയ നിയമപരിഛേദനയിൽ, അവൻ കാണുന്നതു, ഒരാളുടെ ജീവിതത്തിൽ നിന്നു സുവിശേഷം പാപത്തെ മുറിച്ചു മാറ്റുന്നതാണ്.

### നിയമങ്ങളെ താരതമ്യം ചെയ്യൽ

പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരേ തത്വങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കും എന്നു മോശെയും, യേശുവും പഠിപ്പിച്ചിട്ടുണ്ട് (ആവർത്തനപുസ്തകം 8:3; മത്തായി 4:4). മനുഷ്യൻ ദൈവത്തെ പരീക്ഷിക്കരുത് എന്നതു (മത്തായി 4:7) ഇന്നത്തെ പോലെ ആദ്യം പഴയ നിയമത്തിലും എഴുതിയിരുന്നു (ആവർത്തനപുസ്തകം 6:16). ഏക സത്യ ദൈവത്തെ മാത്രമെ മനുഷ്യൻ നമസ്ക്കരിക്കാവൂ - എന്നതു എല്ലായ്പ്പോഴും സത്യമായിരുന്നു എന്നും സത്യമായിരിക്കയും ചെയ്യും (ആവർത്തന പുസ്തകം 6:13; മത്തായി 4:10). രണ്ടു നിയമത്തിൻ കീഴിലും, ബാഹ്യമായ അധരസേവനം തെറ്റാണ് (യെശയ്യാവു 29:13; മർക്കൊസ് 7:6). ഓരോ നിയമത്തിലേയും കല്പനകൾ അനുസരിക്കേണ്ടതിനാണ് എഴുതിയിരിക്കുന്നത് (സഭാപ്രസംഗി 12:13, 14; യോഹന്നാൻ 15:10). ഓരോ നിയമത്തിലും, ദൈവ

സന്ദേശം, ഉപദേശത്താൽ നല്കുന്നു (യെശയ്യാവു 54:13; യോഹന്നാൻ 6:45). പഴയ നിയമത്തിലെ ഏറ്റവും വലിയ രണ്ടു കല്പനകൾ (ആവ ർത്തനപുസ്തകം 6:5; ലേവ്യാപുസ്തകം 19:18) പുതിയ നിയമത്തിലും വലിയ രണ്ടു കല്പനകളായി നില്ക്കുന്നു (മത്തായി 22:37–39).

പഴയ നിയമ വേദഭാഗങ്ങളെ അധികരിച്ചുള്ളതാണ് പുതിയ നിയ മത്തിലെ ചില മുഖ്യ ഉപദേശങ്ങൾ. ഉദാഹരണമായി, സുവിശേഷ പ്രാസംഗികരെ സഹായിക്കുവാൻ പൗലൊസ് അപേക്ഷിച്ചതു ആവർ ത്തനപുസ്തകം 25:4 ഉദ്ധരിച്ചുകൊണ്ടാണ് (1 കൊരിന്ത്യർ 9:9; 1 തിമൊ ഥെയൊസ് 5:18). നീതിപൂർവ്വമായ ജീവിതം നയിക്കേണ്ടതിന്റെ പ്രാധാ ന്യം ബോധ്യമാക്കുവാൻ അവൻ പത്തു കല്പനകൾ എടുത്തു കാണി ക്കുന്നുണ്ട് (റോമർ 13:8–10). സ്ത്രീകൾ പുരുഷ നേതൃത്വത്തിനു കീഴ്പ്പെ ട്ടിരിക്കണം എന്നു ബോധ്യപ്പെടുത്തുവാൻ അവൻ പഴയനിയമ വാക്യ ങ്ങൾ എടുത്തു കാട്ടിയിട്ടുണ്ട് (1 കൊരിന്ത്യർ 14:34; നോക്കുക ഉല്പത്തി 3:16). മുഖപക്ഷം കാണിക്കുന്നതിനെതിരെ, യാക്കൊബും, കൂടെ, പത്തു കല്പനകളിൽ ചാരുന്നുണ്ട് (യാക്കൊബ് 2:8–11).

## നിയമങ്ങൾ തമ്മിലുള്ള അന്തരം

അസാധുവാക്കപ്പെട്ട പഴയ നിയമ കല്പനകളുമായി നോക്കു മ്പോൾ, ദൈവരാജ്യത്തിലെ തത്വങ്ങൾ ശ്രേഷ്ഠമാണെന്നു കാണാം. യേശു പഴയ നിയമം ഉദ്ധരിച്ചു, “എന്നാൽ ഞാനോ നിങ്ങളോടു പറ യുന്നു” എന്നു കൂട്ടിച്ചേർത്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞു (മത്താ യി 5:21, 22). പഴയ നിയമ പരിച്ഛേദനയും ക്രിസ്തുവിൽ പുതിയ സൃഷ്ടി കളാകുന്നവരുടെ ഹൃദയ - പരിഛേദനയും തമ്മിലുള്ള അന്തരം പൗലൊസ് ഊന്നി പറയുന്നുണ്ട് (യോശുവാ 5:2; ഗലാത്യർ 6:15).

പഴയ നിയമത്തിലെ നിർജ്ജീവ മൃഗയാഗങ്ങൾക്കെതിരായി പുതിയ നിയമത്തിൽ ജീവിക്കുന്ന മനുഷ്യയാഗങ്ങളാണ് (ലേവ്യാപുസ്തകം 1:3; റോമർ 12:1), പഴയതിൽ ഭൗതികയെരുശലേമും പുതിയതിൽ ആത്മിയ സീയോനുമാണ് (1 രാജാക്കന്മാർ 9:3; ഗലാത്യർ 4:26). പഴയപ്രമാണം കല്ലിൽ എഴുതപ്പെട്ടു എങ്കിൽ പുതിയ നിയമം ഹൃദയങ്ങളിൽ എഴുത പ്പെടുന്നു (2 കൊരിന്ത്യർ 3:3).

## ഉദാഹരണങ്ങളിൽ നിന്നു പഠിക്കൽ

ദൈവത്തോടു അതീവ വിശ്വസ്തതപുലർത്തി ജീവിച്ചിരുന്ന പഴയ നിയമ വ്യക്തികൾ നമുക്കു മാതൃക നല്കുന്നു (എബ്രായർ 12:1). അതു പോലെ തന്നെ, അവിശ്വസ്തതയുടെ അനന്തരഫലവും ചിലർ പ്രദർശി പ്പിക്കുന്നുണ്ട്. യേശു യേലിയാവിനെയും വിധവയെയും, ഏലീശ യെയും നയമാനെയും എടുത്തു കാണിക്കുവാനുള്ള കാരണം പറയു ന്നുണ്ട് (ലൂക്കൊസ് 4:25–27). നോഹയെ സൂചിപ്പിച്ചു അവൻ തന്റെ പ്രസംഗത്തിൽ ചിത്രീകരിക്കുന്നുണ്ട് (മത്തായി 24:37), യോനയെയും (മത്തായി 12:41), ശലോമോനെയും (മത്തായി 12:42), ലോത്തിനെയും ഭാര്യയെയും എടുത്തു പറയുന്നുണ്ട് (ലൂക്കൊസ് 17:29, 32).

യിസ്രായേൽ ജനം ദൈവത്തെ അനുസരിക്കാതിരുന്നപ്പോൾ സംഭവിച്ചതു ക്രിസ്ത്യാനികൾക്കു ദൃഷ്ടാന്തമാണെന്നു പൗലൊസ് വിശ്വസിച്ചിരുന്നു (1 കൊരിന്ത്യർ 10:1–12). എബ്രായ ലേഖകന് പഴയ നിയമത്തിലെ എല്ലാ ഉല്പന്നങ്ങളും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അവരെപോലെ അവിശ്വസ്തരാകാതിരിപ്പാനും വിശ്വസ്തരായി ജീവിക്കുന്നതിനുമാണ്: "ഇനി എന്തു പറയേണ്ടു? ഗിദ്യോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്, ദാവീദ് എന്നവരെയും ശമുവേൽ മുതലായ പ്രവാചകന്മാരെയും വിവരിപ്പാൻ സമയം പോരാ" (എബ്രായർ 11:32).

**ഉപസംഹാരം**

പഴയനിയമത്തിൽ, മോശമായി ജീവിച്ചവരെ പറ്റി പ്രതിപാദിക്കുന്നുണ്ടെങ്കിലും, അതു ശരിയായി ഉപയോഗിച്ചു ആത്മാക്കളുടെ രക്ഷ കൈവരിക്കുവാൻ കഴിയും. ലോകം എങ്ങനെ ഉണ്ടായി, മനുഷ്യ ജാതി എങ്ങനെ നിലവിൽ വന്നു എന്നു അതു വെളിപ്പെടുത്തുന്നുണ്ട്, നസ്രേത്തുകാരനായ യേശു ദൈവപുത്രനാണെന്നും അതു തെളിയിക്കുന്നു. ക്രിസ്ത്യാനിത്വത്തിന്റെ നിഴൽ നമുക്കു പഴയ നിയമത്തിൽ കാണാം. നാം ജീവിക്കേണ്ട പല തത്വങ്ങളും പഴയനിയമം നമുക്കു പുനഃസ്ഥാപിച്ചു തരുന്നുണ്ട്. പ്രകടമായ വ്യത്യാസവും എടുത്തുകാണിച്ചു സ്വാതന്ത്ര്യത്തിന്റെ പ്രമാണത്തിന്റെ മനോഹാരിതയും ഊന്നി പറയുന്നുണ്ട്. അവസാനമായി, ഇന്നു ആളുകൾ ദൈവത്തെ അനുസരിച്ചു ജീവിക്കേണ്ട വ്യക്തമായ മാതൃകയും പഴയ നിയമം നല്കുന്നുണ്ട്.

©2005 Truth for Today

അഡാപ്റ്റഡ്